# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/619/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/619/2022 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിൽ കുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-06-2022 | 25-06-2022 |
| ഗോപാലകൃഷ്ണ നായിക് | ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ്ജ് | 26-06-2022 | 01-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-06-2022 | 01-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ത്രേസ്യാമ്മ ജോസഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ടി.കെ.നാരായണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജോസഫ്.എം.ചാക്കോ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രവീന്ദ്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| വിനോദിനി.എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജിജിൻ.എസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഉമേഷ് കുമാർ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കള്ളാർ സർക്കിൾ | 01-04-2020 | 31-03-2021 |
| ആര്യ കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ രാജപുരം സർക്കിൾ | 01-04-2020 | 01-03-2021 |
| ശരണ്യ വേണു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സത്യൻ ജോസഫ് | പ്രധാനധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.ഉഷ.സി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.സിന്ധു വേണുഗോപാലൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-12-2020 |
| ഡോ.ബഷീറ ബാനു സി.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-01-2021 | 31-03-2021 |
| ഡോ.സുനിത.പി.എൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 01-04-2020 | 25-01-2021 |
| ഡോ.അഭിജിത് ദാസ്.എൻ.വി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 26-01-2021 | 31-03-2021 |
| ഒഴിവ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 12-01-2021 |
| പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 13-01-2021 | 31-03-2021 |
| ശാലിനി.കെ | ഡയറി എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 01-04-2020 | 21-06-2020 |
| ജയരാജൻ.ബി | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 22-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 04-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 06-07-2022) | 1-2 |
| 3 | ട്രഷറി /ബാങ്ക് റീകൺസിലേഷൻ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-2-1 |
| 4 | ബാലൻസ് ഷീറ്റ് - അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-2-2 |
| 5 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 04-07-2022) | 1-3 |
| 7 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 05-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 05-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 06-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Thomas. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 04-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Bindu.V.V (Auditor, On 05-07-2022)<br>Last Updated By: Bindu.V.V (Auditor, On 05-07-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 05-07-2022)<br>Last Updated By: Bindu.V.V (Auditor, On 05-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-06-2022) | 1-9 |
| 13 | വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല<br>Written By: Bindu.V.V (Auditor, On 09-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-10 |
| 14 | ലൈസൻസ് – പൊതു അപാകതകൾ<br>Written By: Bindu.V.V (Auditor, On 09-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-07-2022) | 1-11 |
| 15 | ക്ഷേമ പെൻഷൻ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.മരണപ്പെട്ടവരുടെ പെൻഷൻ റദ്ദാക്കുന്നില്ല- അപാകതകൾ<br>Written By: Bindu.V.V (Auditor, On 07-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-12 |
| 16 | കൊട്ടോടി-കരിനെച്ചിപ്പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ-ഫണ്ട് കൈമാറൽ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: Raghunadhan. K (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | |
| 17 | തെരുവ് വിളക്ക് വാങ്ങൽ ജനറൽ പദ്ധതി-സ്ഥാപിച്ച് 1 മാസം കഴിയും മുമ്പ് 78 എണ്ണം പ്രവർത്തനരഹിതമായി<br>Written By: Raghunadhan. K (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-14 |
| 18 | രാജപുരം വെറ്റിനറി ആശുപത്രിയുടെയും പേരട്ക്കം അംഗൻവാടിയുടെയും സമീപത്തുള്ള അപകടകരമായ വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത്-പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-15 |
| 19 | പാലന്തടി-മൂലക്കാൽ റോഡ് പ്രവർത്തി-വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിന് വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത്-പൂർത്തീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-16 |
| 20 | ചാച്ചാജി ബഡ്സ് സ്കൂൾ ബസ്സ് റിപ്പയർ ചെയ്തത് - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 30-06-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-17 |
| 21 | ഭവനം വാസയോഗ്യമാക്കൽ പദ്ധതി -ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.<br>Written By: Raghunadhan. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 06-07-2022) | 1-18 |
| 22 | ലൈഫ് ഭവന പദ്ധതി - (പട്ടിക വർഗ്ഗം ) - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.<br>Written By: Raghunadhan. K (Asst. Audit Officer, On 06-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-07-2022) | 1-19 |
| 23 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - പട്ടികവർഗ്ഗം<br>Written By: Raghunadhan. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-20 |
| 24 | പി.വി.സി വാട്ടർ ടാങ്ക് വിതരണം പദ്ധതി -പട്ടികവർഗ്ഗം<br>Written By: Raghunadhan. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-21 |
| 25 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - പട്ടികവർഗ്ഗം<br>Written By: Raghunadhan. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 04-07-2022) | 1-22 |
| 26 | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര-അപാകതകൾ<br>Written By: Vineeth Kumar K.P (Audit Officer, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 10-07-2022) | 1-23 |
| 27 | കൊട്ടോടി ആയുർവ്വേദാസ്പത്രിക്ക് ഷീറ്റിടൽ-ടെണ്ടർകിഴിവ് ഈടാക്കാതെ അന്തിമ ബിൽ തുക നൽകി<br>Written By: Vineeth Kumar K.P (Audit Officer, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-24 |
| 28 | 1 , 2 ക്ലാസുകളിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര.<br>Written By: Vineeth Kumar K.P (Audit Officer, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 11-07-2022) | 1-25 |
| 29 | രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം-ടെണ്ടർകിഴിവ് നടത്താതെ അന്തിമ ബിൽ തുക നൽകി<br>Written By: Vineeth Kumar K.P (Audit Officer, On 10-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-26 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | കൊട്ടോടി ആയുർവ്വേദ ആശുപത്രിക്ക് ഷീറ്റ് ഇടൽ- അന്തിമ ബിൽ നൽകിയപ്പോൾ ടെണ്ടർ കിഴിവ് ഈടാക്കിയിട്ടില്ല- അധികച്ചെലവ് ₹16,797/-<br>Written By: Vineeth Kumar K.P (Audit Officer, On 24-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 3-1 |
| 2 | രാജപുരം വയോജനക്ലബ്ബ് പരിഷ്ക്കരണം- അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് ഈടാക്കിയിട്ടില്ല- അധികച്ചെലവ് ₹13,520/-<br>Written By: Vineeth Kumar K.P (Audit Officer, On 24-07-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 03-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 01/01 തി.25-03-2020 | 02/21(3) തി. 20-02-2021 |
| മുന്നിരിപ്പ് | 960732 | 2597431 |
| വരവ് | 166520800 | 358169994 |
| ആകെ | 167481532 | 360767425 |
| ചെലവ് | 166603615 | 359905051 |
| നീക്കിയിരിപ്പ് | 877917 | 862374 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ട്രഷറി /ബാങ്ക് റീകൺസിലേഷൻ അപാകതകൾ

1) തനത് ഫണ്ട് ,പനത്തടി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിന്റെ 2021 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ചെക്കായി ഉൾപ്പെടുത്തിയ തുകയിൽ 24.12.2020 ലെ ചെക്ക് നമ്പർ 07001527- പ്രകാരമുള്ള 3,071/- രൂപയും ഉൾപ്പെടുന്നു. കാലാവധി കഴിഞ്ഞ പ്രസ്തുത ചെക്ക് തുടർ വർഷങ്ങളിൽ വരവിലെടുത്ത് ക്രമീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

2) തനത് ഫണ്ട് എസ്.ബി.ഐ അക്കൗണ്ട് -37012240408 -സ്റ്റേറ്റ്മെന്റിൽ 31.03.2021 ലെ നീക്കിയിരിപ്പ് 3,99,659 രൂപയും, വാർഷിക ധനകാര്യപത്രികയിൽ 3,99,660 രൂപയമാണ് . എന്നാൽ 31.03.2021 ലെ റീകൺസിലേഷൻ പത്രികയിൽ പാസ് ബുക്ക് & ബാങ്ക് ബുക്ക് നീക്കിയിരിപ്പായി തുകയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. വ്യത്യാസം പരിശോധിക്കുക.

3) കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട്-40663101016619 ന്റെ 31.03.2021 ലെ റീ കൺസിലേഷൻ പത്രികയിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 1214337/- രൂപയെന്നാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 1214319/- രൂപ എന്നാണ്. വ്യത്യാസം പരിശോധിക്കുക.

4) തനത് ഫണ്ട് ട്രഷറി അക്കൗണ്ട് LGTSB ആയി മാറിയ ശേഷവും പഴയ TSB അക്കൗണ്ടിൽ (00078) ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 18.8.2020, 24.03.2021 തിയതികളിൽ 32,000 രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത തുക പിന്നിട് 01.06.2021 ന് LGTSB അക്കൗണ്ടിലേയ്ക്ക് മറ്റിയിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ ലഭ്യമായ ഈ തുക വാർഷിക കണക്കിൽ ഏത് സാമ്പത്തിക വർഷമാണ് ഉൾപ്പെടുത്തിയത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതും, പഴയ ടി.എസ്.ബി അക്കൗണ്ടിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ ട്രഷറി അധികൃതരോട് ആവശ്യപ്പെടേണ്ടതുമാണ്.

5) വെസ്റ്റേൺ ഗാട്ട് , സാക്ഷരത എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

| ബാങ്ക് അക്കൗണ്ട് | വാർഷിക കണക്കിലെ നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| വെസ്റ്റേൺ ഗാട്ട് A/c..002803 | 40,956 | 42594 |
| സാക്ഷരത A/c..007630 | 67,348 | 10,16,71 |

6) സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്, വർഷാന്ത്യ റീകൺസിലേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2-2 ബാലൻസ് ഷീറ്റ് - അപാകതകൾ

1) Secured Loan From KURDFC ഇനത്തിൽ B-5 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയും (2,13,41,780), B-16 (Prepaid Programme Expenses) ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയും (2,12,01,780) തമ്മിൽ പൊരുത്തപ്പെടുന്നില്ല. പരിശോധിക്കുക

2) ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനായി വികസന ഫണ്ട് (ടി.എസ്.പി) സ്രോതസ്സിൽ നിന്നും ഈടാക്കിയത് 15,37,059 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഈയിനത്തിൽ ലോൺ തിരിച്ചടവായി കുറച്ചത് 15,37,058 രൂപയാണ് . ഇതു മൂലം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയിൽ 1 രൂപയുടെ വ്യത്യാസം കാണുന്നു . ഇക്കാര്യം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

3) ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ 460500801 ഹെഡ്ഡിലെ 1015761 രൂപയുടെ കൃത്യത പരിശോധിക്കുക. തൊഴിലുറപ്പ് പദ്ധതി തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകയായി പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 1015761 രൂപയെന്നാണ് . എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഈയിനത്തിൽ 1674150 രൂപയെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

4) മഴക്കാല പൂർവ്വ ശുചിത്വ പദ്ധതിയ്ക്കായി മെഡിക്കൽ ഓഫീസർക്ക് 2019-20 വർഷം മുൻകൂറായി നൽകിയ 1,40,000/- രൂപ തൻവർഷം വിനിയോഗിച്ചതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B-18 ഷെഡ്യൂളിൽ 460100199 എന്ന ഹെഡ്ഡിൽ ഇതേ തുക തന്നെ ഈ വർഷവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഈ തുകയുടെ കൃത്യത പരിശോധിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

5) ബഡ്സ് സ്കൂൾ - ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച 7,86,750 രൂപ ബാധ്യതയായി B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം പ്രൊ.നം 355/20-21 പ്രകാരം ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്നും 9,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയിൽ വകയിരുത്തുവാൻ അനുവദനീയമാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റെന്തെങ്കിലും പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകയാണെങ്കിൽ ആയതിന് വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) കില- പരിശീലനത്തിനായി 18,337/- രൂപ, 18,338/- രൂപ എന്നീ രണ്ട് തുകകൾ ലഭിച്ചതായും 18,338 രൂപ വിനിയോഗിച്ചതായും ബന്ധപ്പെട്ട ലെഡ്ജറിൽ കാണുന്നു. ഇതിന്റെ കൃത്യത പരിശോധിക്കുക. യഥാർത്ഥത്തിൽ ലഭിച്ച തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാധ്യതയിൽ അവശേഷിച്ച തുക ഒഴിവാക്കേണ്ടതാണ്.

7) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ 320400199 എന്ന ഹെഡ്ഡിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയ 74,870/- രൂപയും , 320200399 എന്ന ഹെഡ്ഡിൽ ബാധ്യതയിൽ ഉൾപ്പെടുന്ന 1,87,175/- രൂപയും , ഓൺ ലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് ടി.വി വാങ്ങി നൽകിയതിന് കെ.എസ്.എഫ് ഇ ഓഡിറ്റ് വർഷം നൽകിയ തുകയാണ്. പ്രസ്തുത പദ്ധതി തൻവർഷം പ്രൊജക്ട് നം.352/20-21, 376/20-21 എന്നിവ പ്രകാരം നടപ്പിലാക്കുകയും തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ബാധ്യതയിനത്തിൽ ഉൾപ്പെടുത്തിയ മേൽ തുകകൾ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഇലക്ഷൻ ചെലവ് ഇനത്തിൽ തൻവർഷം ലഭിച്ച 54,000 രൂപ ബാധ്യതയിൽ (320300199)

അവശേഷിക്കുകയാണ്. ഈയിനത്തിൽ നേരത്തെ ചെലവ് നടന്നിട്ടുള്ളതിനാൽ ആയതിലേയ്ക്ക് ക്രമീകരിച്ച് ബാധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്

9) ബാലൻസ് ഷീറ്റിൽ B-9 ഷെഡ്യൂളിൽ ഹെഡ്ഡ് 350400999 ൽ ഉൾപ്പെട്ട 20,49,383 രൂപ മുൻ വർഷങ്ങളിൽ വിവിധ പട്ടിക വർഗ്ഗ കോളനി കുടിവെള്ള പദ്ധതികൾക്കായി ജല അതോറിറ്റിയിൽ നിക്ഷേപിച്ച വികസനഫണ്ട് ഇനത്തിലുള്ള തുക 2018-19 വർഷം തിരികെ ലഭ്യമായതാണ്. പ്രസ്തുത തുക നാളിതുവരെയായും സർക്കാരിലേക്ക് തിരികെ ഒടുക്കുവൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

10) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ Other Grants , Funds & Contributions For Specific Purposes-Capital എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട 40,15,013/- രൂപയുടെ കൃത്യത പരിശോധിച്ച് ഇത് ഏതിനത്തിലുള്ള തുകയാണെന്ന് വിശദമാക്കേണ്ടതാണ്. പ്രസ്തുത തുക ഏതെങ്കിലും പ്രത്യേക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ലഭിച്ച തുകയാണെങ്കിൽ വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കുക . സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-2-3 മറ്റ് അപാകതകൾ

1) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്ററിൽ 2020-21 വർഷം ആർജ്ജിച്ച ആസ്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രത്യേക ഉദ്ദേശ പദ്ധതികൾക്കായി ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ , ഇത്തരം ഫണ്ടുകളുടെ വരവ് , വിനിയോഗം , നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുവാൻ ഒരു പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4) തൻ വർഷം കൊട്ടോടി കരിനെച്ചിപ്പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതിയ്ക്കായി അഡ്വാൻസ് ഇനത്തിൽ 3,60,000/-/-രൂപ കേരള ജല അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ RP-49 ൽ ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിൽ ബി-18 ലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

5) 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ധനകാര്യപത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 18592721 |
| വരവ് | 114494941 |
| ആകെ | 133087662 |
| ചെലവ് | 117729904 |
| നീക്കിയിരിപ്പ് | 15357758 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13191750 | 13191750 | 13189568 | 2182 | 99.98 |
| വികസനഫണ്ട് എസ്.സി.പി. | 0 | 292000 | 292000 | 241255 | 50745 | 83.19 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 21564621 | 21564621 | 19336359 | 2228262 | 89.66 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13705000 | 13705000 | 13630008 | 74992 | 99.45 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3772000 | 3772000 | 2927333 | 844667 | 77.60 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 12314928 | 12314928 | 8280282 | 4034646 | 67.23 |
| ധനകാര്യ കമ്മീഷൻ Tide ഗ്രാന്റ് | 0 | 5150000 | 5150000 | 1559204 | 3590796 | 30.27 |
| ആകെ | 0 | 69990299 | 69990299 | 59164009 | 10826290 | 84.53 |

(വികസന ഫണ്ട് ജനറൽ (₹16,22,388), എസ്.സി.പി (₹29,255) , ടി.എസ്.പി (₹15,37,059), സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (₹38,150/-) , എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുക മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11567180 | 11567180 | 11567180 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 212000 | 212000 | 212000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 17799300 | 17799300 | 17799300 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13630008 | 13630008 | 13630008 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2889183 | 2889183 | 2889183 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 8280282 | 8280282 | 8280282 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 1559204 | 1559204 | 1559204 | 0 |
| ബിഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 720 | 720 | 720 | 0 |
| വിവാഹ ധനസഹായം | 0 | 120000 | 120000 | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി 100 ദിന ഇൻസെന്റീവ് | 0 | 298000 | 298000 | 298000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 251500 | 5660050 | 5911500 | 4660050 | 1251500 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 1478592 | 3430120 | 4908712 | 3430120 | 1478592 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 548261 | 672140 | 1220401 | 1104686 | 115715 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1570797 | 785369 | 2356166 | 500000 | 1856166 |
| ടോട്ടൽ സാനിറ്റേഷൻ | 816000 | 0 | 816000 | 48000 | 768000 |
| NPRPD | 111582 | 0 | 111582 | 0 | 111582 |
| വെസ്റ്റേൺ ഗാട്ട് | 40956 | 1638 | 42594 | 0 | 42594 |
| ARWS | 14764 | 0 | 14764 | 0 | 14764 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 2891638 | 2169236 | 5060874 | 1623434 | 3437440 |
| ഇലക്ഷൻ ചെലവ് | 0 | 54000 | 54000 | 0 | 54000 |
| ബഡ്സ് സ്കൂൾ ചെലവ് | | 786750 | 786750 | 0 | 786750* |
| വിദ്യാർത്ഥികൾക്ക് ടി.വി നൽകൽ KSFE സഹായം | 0 | 262045 | 262045 | 262045* | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 3193025 | 3193025 | 3193025 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 20645444 | 20645444 | 19659444 | 986000 |
| മറ്റ് ഗ്രാന്റുകൾ | 4015013 | 0 | 4015013 | 0 | 4015013 |
| മറ്റ് അവാർഡുകൾ | 300000 | 100000 | 400000 | 0 | 400000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2020-21 വർഷം 97,06,985/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും മാത്രമുള്ള ചെലവ് കണക്കാക്കുവാൻ സാധിച്ചിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 4,46,74,587/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 5,13,78,700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

4) *കെ.എസ്.എഫ്.ഇ യിൽ നിന്നും വിദ്യാർത്ഥികൾക്ക് ടി.വി നൽകുന്നതിന് ലഭിച്ച തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

5) *ബഡ്സ് സ്കൂൾ നടത്തിപ്പിനായി വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച തുക ഈ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയിൽ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുകയും ബാധ്യതയിൽ തന്നെ തുടരുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 317 | 259841486 | 233 | 102366119 | 0 | 84 | 73.50 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 38 | 10338744 | 24 | 6998561 | 67.69 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 6095343 | 12 | 4907535 | 80.51 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 178 | 48206113 | 123 | 30466002 | 63.19 |
| 4 | കൃഷി ഓഫീസർ | 25 | 9412570 | 24 | 7724192 | 82.06 |
| 5 | വെറ്റിനറി സർജ്ജൻ | 10 | 3443944 | 9 | 3183166 | 92.42 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 170637722 | 18 | 40440995 | 23.69 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4709100 | 6 | 4172100 | 88.59 |

| | | | | | | |
|---|---|---|---|---|---|---|
| 8 | പ്രധാനധ്യാപകൻ | 14 | 1979400 | 9 | 1586021 | 80.12 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 6 | 1165925 | 4 | 901697 | 77.33 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 630000 | 2 | 630000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 800625 | 1 | 655850 | 81.9 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1722000 | 0 | 0 | 0 |
| | ആകെ | 317 | 259841486 | 233 | 102366119 | 39.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 548261 | 672140 | 1220401 | 1104686 | 115715 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 44674587 | 44674587 | 44674587 | 0 |
| ആകെ | 548261 | 45346727 | 5684988 | 45779273 | 115715 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 684 പദ്ധതികളുൾപ്പെടുന്ന 8.55 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 259 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 123773 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 665 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1256900 | 57 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16084300 | 804 |
| വാർദ്ധക്യകാലപെൻഷൻ | 28284900 | 1449 |
| വികലാംഗപെൻഷൻ | 5146000 | 271 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 606600 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/06/2022 തീയ്യതിയിൽ 3 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,188/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. സഞ്ചയ പോലുള്ള പോലുള്ള സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ് സംവിധാനവുമയി ലിങ്ക് ചെയ്തിട്ടില്ല.

3)ഓഫീസ് മീറ്റീങ്ങ്: ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2020-21 വർഷം 24-08-2020, 20-01-2021, 27-02-2021എന്നീ തിയതികളിൽ മാത്രമാണ് ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4)ഭരണ സംവിധാനം: ഓഡിറ്റ് വർഷം ഭരണ സമിതി 26 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

5)ഓഡിററ് മോണിറ്ററിംഗ് സമിതി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും തൻവർഷം ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 11/09/2020, 28/10/2020, 20/11/2020, 20-01-2021, 8-02-2021 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) പദ്ധതിപ്രവർത്തനങ്ങളിൽ മോണിറ്ററിംഗിന്റെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ പദ്ധതികൾക്കായി തുക വിനിയോഗിക്കപെടുന്നുണ്ടെങ്കിലും പദ്ധതികൾ ഫലവത്തായി നടന്നിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് സമതികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ

പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി , കേരള ജല അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുകകൾ സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

9)ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഇതിൽ കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല

കള്ളാർ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല എന്നു കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | ലൈസൻസി/സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | 3 | എ.എം.ബേബി, അയിലാറ്റിൽ സ്റ്റോൺ ഇൻഡസ്ട്രീസ് | 39 എച്ച്.പി | 400 |
| 2 | 6 | നൗഷിമാൾ.പി, വിവിഡ് ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ് | 2 എച്ച്.പി | 50 |
| 3 | 8 | ജിൻസി ജോസഫ് , എസ് & എസ് ടയേർസ് | 1 എച്ച്.പി | 10 |
| 4 | 19 | ബിജു തോമസ് തേക്കിലക്കാട്ടിൽ, ബിജു തോമസിന്റെ ക്വാറി | 130 എച്ച്.പി | 2000 |
| 5 | 20 | സാലി പീറ്റർ, യൂണിറ്റി കശുവണ്ടി സംസ്കരണ യൂണിറ്റ് | 1 എച്ച്.പി | 10 |
| 6 | 48 | ജയ്സൺ പി ജോൺ | 1 എച്ച്.പി | 10 |
| 7 | 59 | മേരി ജാൺ, അന്ന ഫ്ലോർ & ഓയിൽ മിൽ | 10 എച്ച്.പി | 100 |
| 8 | 89 | ബിന്ദു ഷാജി, കൂർഗ് കോഫി | 2 എച്ച്.പി | 50 |
| 9 | 124 | ബിജു മാത്യു, എയ്ഞ്ചൽ സ്റ്റീൽ വർക്ക്സ് | 1.5 എച്ച്.പി | 50 |
| 10 | 142 | ജേക്കബ്.കെ .ജെ, സെന്റ് ജോസഫ് ഓയിൽ & ഫ്ലോർ മിൽ | 10 എച്ച്.പി | 100 |
| 11 | 161 | സണ്ണി.ഒ.വി, ഫ്രണ്ട്സ് വെൽഡിംഗ് സെന്റർ | 4.5 എച്ച്.പി | 50 |
| 12 | 270 | ജോസ് മോൻ സിറിയക്, ജപമാല | 8 എച്ച്.പി | 100 |

| | | | | |
|---|---|---|---|---|
| | | എഞ്ചിനീയറിംഗ് വർക്ക്സ് | | |
| 13 | 299 | ജോണി.കെ .എ,<br>മാലക്കല്ല് എം സാൻഡ് | 24 എച്ച്.പി | 300 |
| 14 | 304 | സുധീഷ്.പി.എസ്,<br>ശ്രീകൃഷ്ണ ഹാർഡ് വെയർ | 1.5 എച്ച്.പി | 50 |
| 15 | 381 | സുമേഷ്.ഇ, ജീവ ടയേഴ്സ് | 5 എച്ച്.പി | 50 |
| ആകെ | | | | 3330 |

മേൽ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/20-21 തീയതി.01.07.2022)

1-11 ലൈസൻസ് – പൊതു അപാകതകൾ

കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

അപേക്ഷകളിൽ മൂലധനമോ വിറ്റുവരവോ രേഖപ്പെടുത്തിയിട്ടില്ല

2017 ലെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭപ്രവർത്തകർക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ മൂലധന നിക്ഷേപത്തിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ പഞ്ചായത്തിലെ 2020-21 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളുടെ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻറ/സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 3 | എ.എം.ബേബി അയിലാറ്റിൽ സ്റ്റോൺ ഇൻഡസ്ട്രീസ് |
| 2 | 4 | സജി ലൂക്കോസ്, മിസ്റ്റിക് മാലക്കല്ല് |
| 3 | 7 | സജിത്ത് ദിവാകരൻ, ലേ ഔട്ട് ക്രിയേഷൻ |
| 4 | 101 | സൈമൺ വി ജോർജ്, ഹോം സെന്റർ |
| 5 | 126 | ജൂലി ജോസഫ്, |
| 6 | 155 | സെന്റ് ജൂഡ്സ് ഡ്രൈ ക്ലീനിംഗ് സെന്റർ |
| 7 | 299 | ജോണി.കെ .എ, മാലക്കല്ല് എം സാൻഡ് |
| 8 | 301 | ജയേഷ്.കെ.കെ, ഡേ റ്റു ഡേ കൂൾ ബാർ |
| 9 | 326 | ഉമേഷ്.കെ , മണികണ്ഠൻ ടൂർസ് & ട്രാവൽസ് |
| 10 | 361 | മുഹമ്മദ് യാസിൻ.എസ്, ഫ്ലവർ ഫ്ലോ ഫാസ്റ്റ് ഫുഡ |

(ഓഡിറ്റ് എൻക്വയറി നം.16/20-21 തീയതി.01.07.2022)

1-12 ക്ഷേമ പെൻഷൻ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.മരണപ്പെട്ടവരുടെ പെൻഷൻ റദ്ദാക്കുന്നില്ല- അപാകതകൾ

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ

നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ മരണപ്പെടുന്ന വ്യക്തികൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കുവാൻ സഹായകരമായ കൃത്യമായ രേഖകൾ രജിസ്ട്രേഷൻ വേളയിൽ സമർപ്പിക്കപ്പെടുന്നില്ല. ഇതുമൂലം മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല. 2020, 2021 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി . വിശദാംശം ചുവടെ ചേർക്കുന്നു.

പട്ടിക 1 വാർദ്ധക്യകാല പെൻഷൻ & വിധവ പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | പത്മനാഭ ഭട്ട്.കെ | (OAP) 112050200864 | 22-05-2021 രജി.നം.55/21 | 06/2021 മുതൽ 10/2021 വരെ | 8,000/- |
| 2 | ശിവരാമൻ. എം | (OAP) 112050200827 | 31-12-2020 രജി.നം.12/21 | 01/2021 മുതൽ 09/2021 വരെ | 14,100/- |
| 3 | അമ്മാളു അമ്മ | (OAP) 112050201286 | 27-08-2020 രജി.നം.11/21 | 09/2020 മുതൽ 05/2022 വരെ | 32,900/- |
| 4 | ജോൺ എ.ജെ | (OAP) 112050201276 | 27-06-2020 രജി.നം.55/20 | 07/2020 മുതൽ 09/2021 വരെ | 7,800/- |
| 5 | മേരി ചാക്കോ | (OAP) 112050200537 | 17-06-2020 രജി.നം.52/20 | 07/2020 മുതൽ 05/2022 വരെ | 35,900/- |
| 6 | ശാരദ .സി | (WP) 112050600838 | 19-06-2020 രജി.നം.51/20 | 07/2020 മുതൽ 04/2022 വരെ | 33,500/- |
| 7 | മേരി ജോസഫ് | (OAP) 112050201528 | 05-04-2020 രജി.നം.24/20 | 05/2020 മുതൽ 12/2020 വരെ | 10800/- |
| 8 | എ.കുമാരൻ നായർ | (OAP) 112050201282 | 05-04-2020 രജി.നം.38/20 | 05/2020 മുതൽ 05/2021 വരെ | 7,800/- |
| 9 | എല്യമ്പിച്ചി മുന്തൻ | (OAP) 112050100031 | 08-04-2020 രജി.നം.44/20 | 05/2020 മുതൽ 05/2022 വരെ | 37,700/- |

| | | | | | |
|---|---|---|---|---|---|
| 10 | കെ.എൻ.രവീന്ദ്രൻപിള്ള | (OAP) 112050201063 | 15-12-2019 രജി.നം.04/20 | 01/2020 മുതൽ 05/2022വരെ | 17,400 |
| | | | | ആകെ | 2,05,900/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ , പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടിക 2 കർഷക പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | നാരായണി | 2220257437 | 02-07-2021 രജി.നം.70/21 | 08/2021 മുതൽ 05/2022 വരെ | 16,000/- |
| 2 | കാർത്ത്യായനി അമ്മ | 2220257423 | 21-04-2021 രജി.നം.46/21 | 05/2021 മുതൽ 05/2022 വരെ | 20,800/- |
| 3 | എം.എൽ ജോസഫ് | 2220257524 | 13-04-2020 രജി.നം.30/21 | 05/2020 മുതൽ 05/2022 വരെ | 37,700/- |
| 4 | എ.കെ .തോമസ് | 2220257433 | 19-12-2019 രജി.നം.7/20 | 01/2020 മുതൽ 02/2022 വരെ | 37,800/- |
| 5 | മാള നായ്ക്ക് | 2220257587 | 16-12-2019 രജി.നം.02/20 | 01/2020 മുതൽ 02/2022 വരെ | 37,800/- |
| 6 | നായണി അമ്മ.സി | 2220257446 | 24-07-2020 രജി.നം.67/20 | 08/2020 മുതൽ 05/2022 വരെ | 33,800/- |
| 7 | എം. കുമരൻ നായർ | 2220257484 | 05-04-2020 രജി.നം.38/20 | 05/2020 മുതൽ 05/2021 വരെ | 18,500/- |
| 8 | കെ.എൻ.രവീന്ദ്രൻപിള്ള | 2220257554 | 15-12-2019 രജി.ന.04/20 | 01/2020 മുതൽ 05/2022വരെ | 42,600 |
| | | | | ആകെ | 2,45,000/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ , ഗ്രാമ പഞ്ചായത്തിൽ നിന്നും വിവരം ശേഖരിച്ച്, മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക

തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 കൊട്ടോടി-കരിനെച്ചിപ്പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ-ഫണ്ട് കൈമാറൽ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.216/21

അടങ്കൽ - 3,60,000/-രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 3,60,000/-രൂപ

ബില്ല് നം.03/2020-21/13.5.2020 – 3,60,000/-രൂപ

കൊട്ടോടി-കരിനെച്ചിപ്പാറ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് കൈമാറാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ നടപ്പിലാക്കാൻ തയ്യാറാക്കിയ ഈ പദ്ധതി സ്പിൽ ഓവർ ആയി 2020-21 വർഷത്തിൽ നടപ്പിലാക്കുകയായിരുന്നു. കേരളാ ജല അതോറിറ്റി മുഖാന്തിരം ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കേരളാ ജല അതോറിറ്റി പൊതുജനാരോഗ്യ വിഭാഗം എക്സി.എഞ്ചിനീയർ, കാസറഗോഡ് കത്ത് നം. D3-15377/2019/തിയ്യതി-25.11.2019 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചു തരികയും തുക ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. എസ്റ്റിമേറ്റ് നം.2019/15377, തുക 3,60,000/-രൂപ. 2019-20 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി കേരളാ ജല അതോറിറ്റി പൊതുജനാരോഗ്യ വിഭാഗം എക്സി.എഞ്ചിനീയർ, കാസറഗോഡുമായി 12.2.2020ന് കരാർ ഒപ്പു വച്ചിട്ടുണ്ട്.2020-21 വർഷത്തിൽ ബില്ല് നം.03/2020-21/13.5.2020 പ്രകാരം 3,60,000/-രൂപ കേരളാ ജല അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.10510439545/SBI. സെക്രട്ടറിയുടെ കത്ത് നം.എ-2-4333/2019/തിയ്യതി-18.5.2020 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത വിവരം കേരളാ ജല അതോറിറ്റിയെ അറിയിച്ചു.12.2.2020ന് ഒപ്പുവെച്ച കരാർ പ്രകാരം 3 മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കണം. പക്ഷെ തുക ഡെപ്പോസിറ്റ് ചെയ്തത് 13.5.2020 ന് മാത്രമാണ്. പദ്ധതി സ്പിൽ ഓവർ ആവുകയും ചെയ്തു. ഈ പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1)12.2.2020ന് കരാർ ഒപ്പു വച്ചത് പ്രകാരം 3 മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. പക്ഷെ തുക നിക്ഷേപിക്കാൻ വൈകിയതിനാലും, പദ്ധതി സ്പിൽ ഓവർ ആയതിനാലും പുതുക്കിയ കരാർ ഒപ്പ് വെക്കേണ്ടതാണ്. കരാർ ഒപ്പ് വെച്ചിരുന്നുവോ എന്ന് വിശദമാക്കിയിട്ടില്ല, വെച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)പദ്ധതി പൂർത്തീകരിച്ചുവോ എന്ന് ഫയൽ പരിശോധനയിൽ വ്യക്തമല്ല, പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.04/28.6.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,60,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 1-14 തെരുവ് വിളക്ക് വാങ്ങൽ ജനറൽ പദ്ധതി-സ്ഥാപിച്ച് 1 മാസം കഴിയും മുമ്പ് 78 എണ്ണം പ്രവർത്തനരഹിതമായി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.168/21

അടങ്കൽ - 3,00,840/-രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 3,00,840/-രൂപ

ബിൽ നം.04/2020-21/13.5.2020 – 3,00,840/-രൂപ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ നടപ്പിലാക്കാൻ രൂപീകരിച്ച ഈ പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി പൂർത്തീകരിക്കുകയായിരുന്നു. കേരളാ ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ, കൊല്ലം (കെൽ) മുഖാന്തിരം നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കായി ഇൻവോയ്സ് നം.0626/29.1.2020 പ്രകാരം കെൽ 255 എണ്ണം LED Lights 24Watts Automatic Operation (3 വർഷം വാറണ്ടി)വിതരണം ചെയ്തിട്ടുണ്ട്. ഒന്നിന് 3000/-രൂപ നിരക്കിൽ ആകെ 765000/-രൂപയുടെ ഇൻവോയ്സ് തുക. ഇതിൽ 464160/-രൂപ 2019-20 നൽകിയിട്ടുണ്ട്, ബാക്കി 300840/-രൂപയാണ് 2020-21 വർഷം നൽകിയത്. ബിൽ നം.04/2020-21/13.5.2020 പ്രകാരം ആകെ 3,00,840/-രൂപയിൽ ജി.എസ്.ടി ഇനത്തിൽ 13660/-രൂപ കിഴിച്ച് 287180/-രൂപ കെൽ ന് നൽകി, അക്കൗണ്ട് നം.57033061452/SBI.

ഇതുമായി ബന്ധപ്പെട്ട ഫയലിൽ 26.6.2020ന് കത്ത് നം.എ-2-4333/2019 പ്രകാരം സെക്രട്ടറി ഈ പദ്ധതി പ്രകാരം സ്ഥാപിച്ച 78 തെരുവ് വിളക്കുകൾ പ്രവർത്തന രഹിതമാണെന്നും റിപ്പയർ ചെയ്യണം എന്നാവശ്യപ്പെട്ടിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പ്രവർത്തി കെൽ ന് നൽകുന്നതിന് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, കെൽ നൽകിയ LED Lights ന്റ വില, സ്പെസിഫിക്കേഷൻ എന്നിവ കാണിക്കുന്ന പ്രഫോർമ ഇൻവോയ്സ്, ഇതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.കെൽ എന്ന സ്ഥാപനവുമായി ഒപ്പ് വെച്ച കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പ്രവർത്തി പൂർത്തീകരിച്ചതിന് കെൽ സമർപ്പിച്ച പൂർത്തീകരണ സാക്ഷ്യപത്രം, കെൽ 255 LED Lights സ്ഥാപിച്ചതിന് സമർപ്പിച്ച ഓരോ വാർഡിലെയും ഇലക്ട്രിക് പോസ്റ്റ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.KSEB സൂപ്പർ വിഷൻ നടത്തിയതിന് ആധാരമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.കത്ത് നം.എ-2-4333/2019/തിയ്യതി-26.6.2020 പ്രകാരം സെക്രട്ടറി ഈ പദ്ധതി പ്രകാരം സ്ഥാപിച്ച 78 തെരുവ് വിളക്കുകൾ പ്രവർത്തന രഹിതമാണെന്നും റിപ്പയർ ചെയ്യണം എന്നാവശ്യപ്പെട്ട് കെൽ ന് കത്ത് നൽകിയിട്ടുണ്ട്. 2020 മെയ് മാസത്തിൽ മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചതിനെത്തുടർന്നാണ് പൂർണ്ണമായും തുക നൽകിയത്, കത്ത് പ്രകാരം സ്ഥാപിച്ച് 1 മാസം കഴിയുന്നതിന് മുമ്പ് തന്നെ 78 എണ്ണം പ്രവർത്തനരഹിതമായിരിക്കയാണ്. സ്ഥാപിച്ച LED Lightsന്റെ സാമ്പിൾ പരിശോധന നടത്തിയിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. പ്രവർത്തനരഹിതമായ 78 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. കരാർ പ്രകാരം തകരാർ പരിഹരിക്കാത്തതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.06/28.6.2022 പ്രകാരം മേൽ അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,00,840/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-15 രാജപുരം വെറ്ററിനറി ആശുപത്രിയുടെയും പേരടുക്കം അംഗൻവാടിയുടെയും സമീപത്തുള്ള അപകടകരമായ വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത്- പൂർത്തീകരിച്ചിട്ടില്ല

വൗച്ചർ നം.22000404/14.8.2020 – 18876/-രൂപ

കള്ളാർ ഗ്രാമപഞ്ചായത്തിലെ രാജപുരം വെറ്റിനറി ആശുപത്രിയുടെയും പേരടുക്കം അംഗൻവാടിയുടെയും സമീപത്തുള്ള അപകടകരമായ വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു. അത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് രാജപുരം സെക്ഷനോട് ആവശ്യപ്പെടുകയും പ്രവർത്തി നടത്തുകയും ചെയ്തതിനാണ് തുക ചെലവഴിച്ചത്. പ്രവർത്തി നടത്തുന്നതിനായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് രാജപുരം സെക്ഷൻ8.12.2020ന് ഡിമാന്റ് കം ഇന്റിമേഷൻ നോട്ടീസ് അയച്ചു. അതോടൊപ്പം പ്രവർത്തിയുടെ 18876/-രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. വൗച്ചർ നം.22000404/14.8.2020 പ്രകാരം 18876/-രൂപ വൈദ്യുതി ബോർഡ് രാജപുരം സെക്ഷനിൽ ഒടുക്കി, രശീത് നം.7464844,851/തിയ്യതി-13.8.2020.

ഈ പ്രവർത്തി നടത്തുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/30.6.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 18876/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 പാലന്തടി-മൂലക്കാൽ റോഡ് പ്രവർത്തി-വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിന് വൈദ്യുതി ബോർഡിൽ തുക നിക്ഷേപിച്ചത്-പൂർത്തീകരിച്ചിട്ടില്ല

വൗച്ചർ നം.22000390/15.3.2021 – 10000/-രൂപ

കള്ളാർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ പാലന്തടി-മൂലക്കാൽ റോഡ് പ്രവർത്തിക്കാണ് തുക ചെലവഴിച്ചത്. പ്രവർത്തി ആരംഭിക്കുന്നതിന് മുന്നോടിയായി റോഡിന് തടസ്സം നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് വാർഡ് മെമ്പർ ശ്രീമതി.സബിത.വി ആവശ്യപ്പെട്ടു. അത് പ്രകാരം 4.2.2021ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നം.8(3)/21 പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുറ്റിക്കോൽ സെക്ഷനോട് വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. വൗച്ചർ നം.22000390/15.3.2021 പ്രകാരം 10000/-രൂപ പിൻവലിച്ചു. സെക്രട്ടറിയുടെ നടപടിക്രമം നം.401118/FMFM22/General/2021/1333/dt.15.3.2021. വൈദ്യുതി ബോർഡ് കുറ്റിക്കോൽ സെക്ഷനിൽ ഒടുക്കി, രശീത് നം.1098410/തിയ്യതി-9.3.2021.

ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.പ്രവർത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുറ്റിക്കോൽ സെക്ഷൻ സമർപ്പിച്ച എസ്റ്റിമേറ്റ്, ഡിമാന്റ് നോട്ടീസ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഫയലിൽ സമർപ്പിച്ച വൈദ്യുതി ബോർഡ് കുറ്റിക്കോൽ സെക്ഷനിൽ ഒടുക്കിയ രശീത് നം.1098410/തിയ്യതി-9.3.2021 പ്രകാരം ഒടുക്കിയ തുക 18323/-രൂപയാണ്. ബില്ല് പ്രകാരം മാറിയ തുക 10000/-രൂപ മാത്രമാണ്. വിശദീകരണം നൽകിയിട്ടില്ല.

3.പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/30.6.2022 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-17 ചാച്ചാജി ബഡ്സ് സ്കൂൾ ബസ്സ് റിപ്പയർ ചെയ്തത് - അപാകത

വൗച്ചർ നം.22000068/11.11.2020 – 24625/-രൂപ

കള്ളാർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ചാച്ചാജി ബഡ്സ് സ്കൂളിന്റെ KL-14-S-8545 നമ്പർ ബസ്സ് അറ്റകുറ്റപ്പണി നടത്തിയതിന് മേൽ വൗച്ചർ പ്രകാരം ആകെ 24625/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്കായി നം.ഡി-3-8545/PT/തിയ്യതി-20.3.2020 പ്രകാരം 22 എണ്ണം സ്പെയർ പാർട്സുകൾ

മാറ്റുന്നതിന് 7800/-രൂപ ചെലവഴിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം സബ്ബ് ഡിവിഷൻ, കണ്ണൂർ അനുമതി നൽകിയതിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഫയലിൽ ഉണ്ട്. 29.7.2020നാണ് പ്രവർത്തി നടത്തുന്നതിന് നം.എ-1-3832/20 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചത്. 6.8.2020ന് ശ്രീ വിനായക ഓട്ടോ വർക്സ് വിദ്യാനഗർ, കാസറഗോഡ് സമർപ്പിച്ച 16825/-രൂപയുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ച് പ്രവർത്തി നടത്തി. ശ്രീ വിനായക ഓട്ടോ വർക്സ് വിദ്യാനഗർ, കാസറഗോഡ് പ്രവർത്തി പൂർത്തീകരിച്ച് ബില്ല് നം.25/13.8.2020 പ്രകാരം 16825/-രൂപയും, ബില്ല് നം.103/13.8.2020 പ്രകാരം 7800/-രൂപയും ചേർത്ത് ആകെ 24625/-രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 28.10.2020ന് കത്ത് നൽകി. സെക്രട്ടറിയുടെ നടപടിക്രമം നം.എ1-3233/തിയ്യതി-11.11.2020 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി. വൗച്ചർ നം.22000068/11.11.2020 പ്രകാരം 24625/-രൂപ സ്ഥാപനത്തിന് നൽകി. ചെക്ക് നം.07001348/11.11.2020.

ഈ പ്രവർത്തി നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഈ പ്രവർത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ അറ്റകുറ്റ പണി നടത്തുന്നതിന് ആവശ്യമായ സ്പെയർ പാർട്സ് മാറി (പണിക്കൂലി അടക്കം) സന്നദ്ധരായ വർക്ക് ഷോപ്പ് ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്ന എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ പണിക്കൂലിയടക്കം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ റിജക്ട് ചെയ്യേണ്ടതാണ്. അതിനാൽ ഭരണസമിതി അംഗീകരിച്ച ശ്രീ വിനായക ഓട്ടോ വർക്സ് വിദ്യാനഗർ, കാസറഗോഡ് സമർപ്പിച്ച 16825/-രൂപയുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷൻ പ്രകാരമുള്ള തുക മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ, പക്ഷെ പ്രവർത്തി നടത്തിയ ശേഷം 7800/-രൂപ പണിക്കൂലിയുടെ ബില്ല് നൽകുകയും അതടക്കം തുക നൽകുകയും ചെയ്തിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.ആകെ പ്രവർത്തി നടത്തുന്നതിന് സമർപ്പിച്ച പണിക്കൂലി അടക്കമുള്ള ക്വട്ടേഷൻ/പ്രഫോർമ ഇൻവോയ്സ് ആണ് അസി.എക്സി.എഞ്ചിനീയർ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം സബ്ബ് ഡിവിഷൻ, കണ്ണൂരിന് അനുമതി നൽകുന്നതിന് നൽകേണ്ടത്. അങ്ങനെ നൽകിയിട്ടില്ല. ഈ പ്രവർത്തിക്കായി നം.ഡി-3-8545/PT/തിയ്യതി-20.3.2020 പ്രകാരം 22 എണ്ണം സ്പെയർ പാർട്സുകൾ മാറ്റുന്നതിന് 7800/-രൂപ ചെലവഴിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം സബ്ബ് ഡിവിഷൻ, കണ്ണൂർ അനുമതി നൽകിയതിന്റെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഫയലിൽ ഉണ്ട്.പകർപ്പ് ആയതിനാൽ ഇതിൽ വ്യക്തതയില്ല, അതിനാൽ ഇതിന്റെ ഒറിജിനൽ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് ലഭിക്കുന്നതിന് നൽകിയ അപേക്ഷയുടെ ഓഫീസ് കോപ്പിയും ഹാജരാക്കിയിട്ടില്ല. അസി.എക്സി.എഞ്ചിനീയർ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം സബ്ബ് ഡിവിഷൻ, കണ്ണൂർ അനുമതി നൽകിയത് പ്രകാരം 7800/-രൂപ മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ,

3.ഈ പ്രവർത്തിക്ക് ഭരണസമിതി അംഗീകാരം നൽകിയ തീരുമാനം നം.6(1)/16.9.2020 പകർപ്പ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/30.6.2022 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല, അതിനാൽ ചെലവ് തുക 24625/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-18 ഭവനം വാസയോഗ്യമാക്കൽ പദ്ധതി -ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

2020-21വർഷം നടപ്പാക്കിയ ഭവനം വാസയോഗ്യമാക്കൽ പദ്ധതി (ST) പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ (പ്രൊ.നം.33/2020-21) ചുവടെ ചേർത്ത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ശങ്കരൻ .എസ് S/o അമ്പാടി | 75,000/- |

| | | |
|---|---|---|
| 2 | ഗോപാലൻ.പി.പി | 75,000/- |
| 3 | കണ്ണൻ S/o അടുക്കൻ | 75,000/- |
| 4 | തേറ് S/o ബോളൻ | 75,000/- |
| 5 | രാഘവൻ S/oവെളുത്തൻ | 75,000/- |
| 6 | നാരായണി W/o രാഘവൻ | 75,000/- |
| 7 | ഗോപലൻ S/o മാരി | 75,000/- |

പദ്ധതിപ്രകാരം ഭവനം വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും, മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറക്ക് തുടർ ഗഡുക്കൾ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി.നം . -17- തിയതി. 01-07-2022)

## 1-19 ലൈഫ് ഭവന പദ്ധതി - (പട്ടിക വർഗ്ഗം ) - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ പട്ടിക പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണം ആരംഭിച്ച പട്ടിക വർഗ്ഗ ഗുണഭോക്താക്കളിൽ 208 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റുവാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 176 ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. നിർമ്മാണം അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്ന നിരവധി ഗുണഭോക്താക്കൾ മേൽ പട്ടികയിൽ ഉൾപ്പെടുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് അവസാന ഗഡു നൽകുവാൻ തടസ്സമായിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച മുഴുവൻ പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കുവാനും ആയതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - പട്ടികവർഗ്ഗം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.24/21

അടങ്കൽ - 4,00,000/-രൂപ – ടി.എസ്.പി

ചെലവ് - 2,02,075/- രൂപ -

ബിൽ നം.20/2020-21/27.2.2021 – 2,02,075/-രൂപ

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. KADCO കോഴിക്കോടിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് തീരുമാനിച്ചത്.16.1.2021 ന് സ്ഥാപനം പ്രഫോർമ ഇൻവോയ്സ് നൽകി. ഭരണസമിതി തീരുമാനം നം.1(10)/2021/തിയ്യതി-28.1.2021 പ്രകാരം അംഗീകാരം നൽകി. അതനുസരിച്ച് 4.2.2021 ന് നം.02/20-21 പ്രകാരം സപ്ലൈ ഓർഡർ KADCO കോഴിക്കോടിന് നൽകി. 15.2.2021 ന് കരാർ ഒപ്പിടുകയും , 24.2.2021 ന് ഇൻവോയ്സ് നം.NRO/SALES/617 പ്രകാരം 47 കട്ടിലുകൾ സ്ഥാപനം വിതരണം ചെയ്യുകയും ചെയ്തു. ബിൽ നം.20/2020-21/27.2.2021 പ്രകാരം 47 കട്ടിലുകൾക്ക് ആകെ 2,02,075/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കണ്ടിലേക്ക് നൽകി. അക്കൗണ്ട് നം.0808201005758/കാനറാ ബാങ്ക്. കട്ടിലുകൾ വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 4 ഗുണഭോക്താക്കളുടെ രേഖകളിൽ അപാകത കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം. | സ്കീം രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | കണ്ടെത്തിയ അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1 | ജാനകി ചേരിപ്പാടിയിൽ വീട്ടിക്കോൽ | രേഖകൾ പ്രകാരം വയസ്സ് 60 കഴിഞ്ഞിട്ടില്ല |
| 2 | 4 | മേരി സാമുവൽ W/oപി.ജെ.സാമുവൽ പുത്തൻപുരക്കൽ, ചെറുപനത്തടി | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | 28 | ഭരതൻ.പി ഒരള ഹൗസ്, കൊട്ടോടി | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 4 | 46 | നാർക്കളൻ S/o കണ്ണൻ,പെരുങ്കയ, മാലക്കല്ല് | രേഖകൾ പ്രകാരം വയസ്സ് 60 കഴിഞ്ഞിട്ടില്ല |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.11/30.6.2022 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ പരാമർശിച്ച രേഖകളും, വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ പദ്ധതിക്കായി നടത്തിയ 2,02,075/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പി.വി.സി വാട്ടർ ടാങ്ക് വിതരണം പദ്ധതി -പട്ടികവർഗ്ഗം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.174/21

അടങ്കൽ - 4,70,000/-രൂപ

ചെലവ് - 3,75,000/-രൂപ – ടി.എസ്.പി

കള്ളാർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ശുദ്ധജലം സംഭരിച്ച് വയ്ക്കുന്നതിന് വേണ്ടി പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. പദ്ധതിക്കായി ആകെ 150 വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 2019-20 നടപ്പിലാക്കാൻ രൂപീകരിച്ച പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി പൂർത്തീകരിക്കുകയായിരുന്നു. 5.12.2019 ൽ പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 16.12.2019 ന് പൊന്നാരത്ത് ഏജൻസീസ്, കാക്കനാട് എന്ന സ്ഥാപനം സമർപ്പിച്ച വാട്ടർ ടാങ്ക് ഒന്നിന് 2500/-രൂപ എന്ന നിരക്കിലുള്ള കുറഞ്ഞ ടെണ്ടർ അംഗീകരിച്ച് പ്രവർത്തി നൽകുകയും ചെയ്തു. ഭരണസമിതി തീരുമാനം നം.02(1)/തിയ്യതി-31.12.2019. പിന്നീട് 13.2.2020ന് സ്ഥാപനവുമായി കരാർ ഒപ്പിട്ടു. 4 തവണ സ്ഥാപനം വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിന് 4 ബില്ലുകൾ പ്രകാരം ആകെ 3,75,000/-രൂപ നൽകി. അക്കൗണ്ട് നം.41011250000464/സിൻഡിക്കറ്റ് ബാങ്ക്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബില്ല് നം./തിയ്യതി | തുക | സ്ഥാപനത്തിന്റെ ഇൻവോയ്സ് നം./തിയ്യതി | വാട്ടർ ടാങ്ക് എണ്ണം |
|---|---|---|---|---|
| 1 | 01/2020-21 /20.4.2020 | 90000/-രൂപ | 65/26.2.2020 | 36 |
| 2 | 02/2020-21 /20.4.2020 | 95000/-രൂപ | 60/24.2.2020 | 38 |
| 3 | 05/2020-21 /20.4.2020 | 95000/-രൂപ | 59/22.2.2020 | 38 |
| 4 | 06/2020-21 | 95000/-രൂപ | 64/25.2.2020 | 38 |

| | | | | |
|---|---|---|---|---|
| | /20.4.2020 | | | |
| | ആകെ | 3,75,000/-രൂപ | ആകെ എണ്ണം | 150 |

വാട്ടർ ടാങ്കുകൾ 150 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ 9 അപേക്ഷകരുടെ രേഖകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലാണ് എന്ന് തെളിയിക്കുന്നതിന് ആധാരമായി ജാതി സർട്ടിഫിക്കറ്റോ, മറ്റ് രേഖകളോ ഇല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കീം രജിസ്റ്റർ പ്രകാരം ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് |
|---|---|---|
| 1 | 2 | മീന,കൊടക്കൽ ഹൗസ്, ഓട്ടക്കണ്ടം |
| 2 | 21 | മുടന്തൻ, ഒക്ലാവ് ഹൗസ്, കള്ളാർ |
| 3 | 112 | ഭാരതി, ചെറുപനത്തടി ഹൗസ്, കള്ളാർ |
| 4 | 116 | മാണിക്കം, അരയാൽപള്ളം ഹൗസ്, കള്ളാർ |
| 5 | 118 | ജാനകി, വീട്ടിക്കോൽ ഹൗസ്, കള്ളാർ |
| 6 | 122 | നാരായണി, ചുള്ളിയോടി ഹൗസ്, മാലക്കല്ല് |
| 7 | 124 | ബിന്ദു.കെ.കെ, കപ്പള്ളി, കാരക്കുന്നിൽ, മാലക്കല്ല് |
| 8 | 134 | ബിന്ദു.എൻ, എലിക്കോട്ട്കയ ഹൗസ്, രാജപുരം |
| 9 | 150 | മാതു.ടി, കരിന്തോംകല്ല്, രാജപുരം |

ഈ 9 ഗുണഭോക്താക്കളുടെ പട്ടികവർഗ്ഗക്കാരാണെന്ന് തെളിയിക്കുന്നതിന് ആധാരമായ ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.09/30.6.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. മേൽ പട്ടികയിലെ 9 ഗുണഭോക്താക്കളും പട്ടികവർഗ്ഗക്കാരാണെന്ന് തെളിയിക്കുന്നതിന് ആധാരമായ ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക ₹3,75,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - പട്ടികവർഗ്ഗം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം.173/21

അടങ്കൽ - 5,01,000/-രൂപ -

ചെലവ് - 5,00,000/- രൂപ - ടി.എസ്.പി

ബിൽ നം.07/2020-21/20.4.2020 – 5,00,000/-രൂപ

ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ കോളനികളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ നടപ്പിലാക്കാൻ രൂപീകരിച്ച ഈ പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി പൂർത്തീകരിക്കുകയായിരുന്നു. കേരളാ ഇലക്ട്രിക്കൽ &അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ, കൊല്ലം (കെൽ) മുഖാന്തിരം നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കായി ഇൻവോയ്സ് നം.0627/29.1.2020 പ്രകാരം കെൽ 167 എണ്ണം LED Lights 24Watts Automatic Operation വിതരണം ചെയ്തിട്ടുണ്ട്. ഒന്നിന് 3000/-രൂപ നിരക്കിൽ ആകെ 5,01,000/-രൂപയാണ് ഇൻവോയ്സ് തുക. ബിൽ നം.07/2020-21/20.4.2020 പ്രകാരം ആകെ 5,00,000/-രൂപ നല്കിയിട്ടുണ്ട്. ജി.എസ്.ടി ഇനത്തിൽ 8946/-രൂപ കിഴിച്ച് 4,91,054/-രൂപയാണ് കെൽ ന് നൽകിയത്, അക്കൗണ്ട് നം.57033061452/SBI.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പ്രവർത്തി കെൽ ന് നൽകുന്നതിന് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, കെൽ നൽകിയ LED Lights ന്റ വില, സ്പെസിഫിക്കേഷൻ എന്നിവ കാണിക്കുന്ന പ്രഫോർമ ഇൻവോയ്സ്, ഇതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.പ്രവർത്തി പൂർത്തീകരിച്ചതിന് കെൽ സമർപ്പിച്ച പൂർത്തീകരണ സാക്ഷ്യപത്രം, കെൽ 167 LED Lights സ്ഥാപിച്ചതിന് സമർപ്പിച്ച പട്ടികവർഗ്ഗ കോളനികളിലെ ഇലക്ട്രിക് പോസ്റ്റ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.KSEB സൂപ്പർ വിഷൻ നടത്തിയതിന് ആധാരമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/30.6.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര-അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ:ഹെഡ്മാസ്റ്റർ,GTWLPസ്കൂൾ,കുടുംബൂർ.

പ്രോജക്ട് നം - 0325/21

പ്രോജക്ടിന്റെ പേര് -6 മുതൽ 10വരെ ക്ലാസുകളിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര.

അടങ്കൽ - 4,40,000/- രൂപ – (വികസനഫണ്ട് – TSP)

ചെലവ് തുക – 4,40,000/- രൂപ

ബിൽ നമ്പർ, തീയതി- 1/20-21, തീ.16-09-2020

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്ന 6 മുതൽ 10വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ARTCO എന്ന സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിൽനിന്നും ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി വികസനഫണ്ടിൽ (TSP) നിന്നും 4,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3 വിദ്യാലയങ്ങളിലെ 88 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. തുക ARTCO റീജിയണൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റോ പഞ്ചായത്ത് തീരുമാനമോ ലഭ്യമാക്കിയില്ല.

2) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടി ഗുണഭോക്താക്കൾ നേരത്തെ ഈയിനത്തിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതിക്കുവേണ്ടി ഫർണിച്ചർ വിതരണം ചെയ്യുന്ന സ്ഥാപനവുമായി ചേർന്ന് തയ്യാറാക്കിയ കരാറിൽ നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യമായ രേഖപ്പെടുത്തൽ പൂർണ്ണമാക്കുകയോ ഒപ്പുവെക്കുകയോ ചെയ്തിട്ടില്ല.

4) പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ഫർണിച്ചറുകളുടെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ/ വിശദീകരണങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 3, തിയതി 28.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 4,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 കൊട്ടോടി ആയുർവ്വേദാസ്പത്രിക്ക് ഷീറ്റിടൽ-ടെണ്ടർകിഴിവ് ഈടാക്കാതെ അന്തിമ ബിൽ തുക നൽകി

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കൊട്ടോടി ആയുർവ്വേദ ആശുപത്രിക്ക് ഷീറ്റ് ഇടൽ (പ്രൊജക്ട് നം.S0/284/21) എന്ന പ്രവ്യത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 16,797 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 1 , 2 ക്ലാസുകളിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര.

നിർവഹണോദ്യോഗസ്ഥൻ:ഹെഡ്മാസ്റ്റർ,GTWLPസ്കൂൾ,കുടുംബൂർ.

പ്രൊജക്ട് നം. 0386/21

പ്രോജക്ടിന്റെ പേര്: 1 , 2 ക്ലാസുകളിൽ പഠിക്കുന്ന എസ്.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര.

അടങ്കൽ - 5,80,000/- രൂപ – (വികസനഫണ്ട് – TSP)

ചെലവ് തുക – 5,49,911/- രൂപ

ബിൽ നമ്പർ, തീയതി- 5/20-21, തീ.10-03-2021

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1 , 2 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്ന 110വിദ്യാർത്ഥികൾക്ക് KADCO എന്ന സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിൽനിന്നും ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി വികസനഫണ്ടിൽ (TSP) നിന്നും 5,49,911/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക KADCO റീജീയണൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ 8 വിദ്യാലയങ്ങളിലെ 108 വിദ്യാർത്ഥികൾക്ക് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തതിന്റെ രേഖകളാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ക്കൊടുക്കുന്നു.

1) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റോ പഞ്ചായത്ത് തീരുമാനമോ ലഭ്യമാക്കിയില്ല.

2) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടി ഗുണഭോക്താക്കൾ നേരത്തെ ഈയിനത്തിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3) പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ഫർണിച്ചറുകളുടെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4) 2 വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തിട്ടില്ല.

5) ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത ഒരു വിദ്യാർഥിക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തു.

മേൽക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ/ വിശദീകരണങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 3, തിയതി 28.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 5,49,911/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-26 രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം-ടെണ്ടർകിഴിവ് നടത്താതെ അന്തിമ ബിൽ തുക നൽകി

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം (പ്രൊജക്ട് നം.S0301/21) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 13,520രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി , രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൊട്ടോടി ആയുർവ്വേദ ആശുപത്രിക്ക് ഷീറ്റ് ഇടൽ- അന്തിമ ബിൽ നൽകിയപ്പോൾ ടെണ്ടർ കിഴിവ് ഈടാക്കിയിട്ടില്ല- അധികച്ചെലവ് ₹16,797/-

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കൊട്ടോടി ആയുർവ്വേദ ആശുപത്രിക്ക് ഷീറ്റ് ഇടൽ (പ്രൊജക്ട് നം.S0/284/21) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 16,797 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം./പേര് | S0284/21/കൊട്ടോടി ആയുർവ്വേദ ആശുപത്രിക്ക് ഷീറ്റ് ഇടൽ | | |
| അടങ്കൽ | ₹ 1,50,000/- (മെയിന്റനൻസ് ഫണ്ട് - റോഡ്) | | |
| എസ്റ്റിമേറ്റ് തുക | ₹ 1,50,000/- | | |
| എം. ബുക്ക് നം. | 78/2021 | | |
| ആകെ അളവ് മൂല്യം | ₹ 1,33,911 (ഫസ്റ്റ് & ഫൈനൽ ബിൽ) | | |
| കരാറുകരാൻ | ശ്രീ. സനിഷ് കുമാർ. കെ | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.2 % കുറവ്. | | |
| എഗ്രിമെന്റ് നമ്പർ | നം. AE/LSGD/KLR/72/2020-21 തീയതി: 6.02.2020 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | BRN20200952004001441507, തീ: 30.03.2021 | ₹ 1,49,980 | ₹ 1,44,624 |

മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. സാനിഷ് കുമാർ.കെ

എന്ന കരാറുകാരന്റെ ടെണ്ടർ (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.2% കുറവ്) അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം ₹1,44,624രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 30പ്രകാരം) | ₹ 1,33,911 |
| (+)GST Compensation@12% | ₹16069 |
| ആകെ | ₹149980 |
| (-) ആദായ നികുതി 1% | ₹ 1339 |
| (-) KCWWF 1% | ₹ 1339 |
| (-) CGST 1% | ₹ 1339 |
| (-)SGST 1% | ₹1339 |
| കരാറുകാരന് നൽകിയ തുക | ₹1,44,624 |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 11.2% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 1,33,911 |
| (-) 11.2% ടെണ്ടർ കിഴിവ് | ₹14998 |
| ബാക്കി തുക | ₹1,18,913 |
| (+) GST Compensation@12% | ₹14,270 |
| ആകെ | ₹1,33,183 |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 1,33,183 |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 1,49,980 |
| അധികം ചെലവഴിച്ച തുക | ₹ 16,797 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ.2, തീയതി 22.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അധികമായി ചെലവഴിച്ച തുകയായ ₹ 16,797തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം- അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് ഈടാക്കിയിട്ടില്ല- അധികച്ചെലവ് ₹13,520/-

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം (പ്രൊജക്ട് നം.S0301/21) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 13,520രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം./പേര് | S0301/21/രാജപുരം വയോജനക്ലബ്ബ് പരിഷ്കരണം |
| അടങ്കൽ | ₹ 1,55,500/- (തനതുഫണ്ട്) |
| എസ്റ്റിമേറ്റ് തുക | ₹ 1,55,500/- |
| എം. ബുക്ക് നം. | 49/18-19 |
| ആകെ അളവ് മൂല്യം | ₹ 1,55,397 (ഫസ്റ്റ് & ഫൈനൽ ബിൽ) |

<table>
<tr><td>കരാറുകരാൻ</td><td colspan="3">ശ്രീ. എം.എ.ഹാരിസ്.</td></tr>
<tr><td>ക്വോട്ട് ചെയ്ത നിരക്ക്</td><td colspan="3">എസ്റ്റിമേറ്റ് നിരക്കിനെക്കാളും 8.7 % കുറവ്.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">നം. 34/17-18 തീയതി: 15-01-2018</td></tr>
<tr><td rowspan="2">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>ചെക്ക് നം, തീയതി</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>07000358, തീ: 17-06-2020</td><td>₹ 1,55,397</td><td>₹ 1,52,289</td></tr>
</table>

മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. എം.എ. ഹാരിസ് എന്ന കരാറുകാരന്റെ ടെണ്ടർ (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 8.7% കുറവ്) അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം ₹ 1,52,289രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ്മൂല്യം(അളവ് പുസ്തകം പേജ് നം 36കാരം) | ₹1,55,397 |
| (-) ആദായ നികുതി 1% | ₹ 1554 |
| (-) KCWWF 1% | ₹ 1554 |
| കരാറുകാരന് നൽകിയ തുക | ₹1,52,289 |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 8.7% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 1,55,397 |
| (-) 8.7% ടെണ്ടർ കിഴിവ് | ₹13,520 |
| ബാക്കി തുക | ₹1,41,877 |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 1,41,877 |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 1,55,397 |
| അധികം ചെലവഴിച്ച തുക | ₹ 13,520 |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 7, തീയതി 29.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അധികമായി ചെലവഴിച്ച തുകയായ ₹13,520 തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 22.06.2022 & 23.06.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 59200 | പ്രൊ.നം.178/20-21 പച്ചക്കറി കൃഷി കൂലിച്ചെലവ് | 59200 | 0 |
| | 2020-21 | 300000 | പ്രൊ.നം.380/20-21 തരിശ്ശു നില കിഴങ്ങ് വർഗ്ഗ കൃഷി വികസനം | 300000 | 0 |
| | 2020-21 | 100000 | പ്രൊ.നം.339/20-21 തരിശ്ശു നില കര നെൽ കൃഷി വികസനം | 100000 | 0 |
| | 2020-21 | 100000 | പ്രൊ.നം.341/20-21 തരിശ്ശു നില പയർ വർഗ്ഗ കൃഷി വികസനം | 100000 | 0 |
| | 2020-21 | 85000 | പ്രൊ.നം.91/20-21 നെൽ കൃഷി കൂലിച്ചെലവ് | 85000 | 0 |
| | 2020-21 | 200000 | പ്രൊ.നം.337/20-21 തരിശ്ശു നില പച്ചക്കറി കൃഷി വികസനം | 200000 | 0 |
| | 2020-21 | 50000 | പ്രൊ.നം.336/20-21 വാഴകൃഷി കൃഷി വികസനം | 50000 | 0 |
| | 2020-21 | 700000 | പ്രൊ.നം.333/20-21 കിഴങ്ങ് വർഗ്ഗ നടീൽ വസ്തു വിതരണം | 700000 | 0 |
| | 2020-21 | 50000 | പ്രൊ.നം.314/20-21 ലൈഫ് ഭവനം പദ്ധതി (എസ്.സി) | 50000 | 0 |
| | 2020-21 | 2000000 | പ്രൊ.നം.81/20-21 ലൈഫ് ഭവനം പദ്ധതി (എസ്.ടി) | 2000000 | 0 |
| | 2020-21 | 510000 | പ്രൊ.നം.242/20-21 ലൈഫ് ഭവനം പദ്ധതി (ജനറൽ) | 510000 | 0 |
| | 2020-21 | 250000 | പ്രൊ.നം.34/20-21 ശാരീരിക , മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 2020-21 | 50000 | പ്രൊ.നം.243/20-21 ശാരീരിക , മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | 2020-21 | 5850 | പ്രൊ.നം.11/20-21 പാലിന് സബ്സിഡി | 5850 | 0 |
| | 2020-21 | 1000000 | പകൽ വീട് വിഹിതം | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 200000 | പ്രൊ.നം.207/20-21 പേരട്ടക്കം അങ്കണവാടി വിഹിതം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | പ്രൊ.നം.336/20-21 വാഴ കൃഷി വികസനം | 50000 | 0 |
| | 2020-21 | 430446 | പ്രൊ.നം.17/20-21 പാലിന് സബ്സിഡി | 430446 | 0 |
| | 2020-21 | 350000 | പ്രൊ.നം.11/20-21 പാലിന് സബ്സിഡി | 350000 | 0 |
| | 2020-21 | 89674 | പ്രൊ.നം.241/20-21 പാലിയേറ്റീവ് കെയർ | 89674 | 0 |
| | 2020-21 | 100000 | പ്രൊ.നം.87/20-21 പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2020-21 | 2000000 | പ്രൊ.നം.81/20-21 ലൈഫ് ഭവനം പദ്ധതി (എസ്.ടി) | 2000000 | 0 |
| | 2020-21 | 250000 | പ്രൊ.നം.34/20-21 ശാരീരിക , മാനസിക വെല്ലവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 2020-21 | 60000 | പ്രൊ.നം.243/20-21 ശാരീരിക , മാനസിക വെല്ലവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 60000 | 0 |
| | 2020-21 | 100000 | പ്രൊ.നം.208/20-21 അഗതി രഹിത കേരളം | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പ്രൊ.നം.216/20-21 കൊട്ടോടി - കരിനെച്ചിപ്പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 03/13.5.2020 | 3,60,000/- | 0 | 3,60,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പ മുന്നിരിപ്പ്, തൻവർഷ വരവ് , തിരിച്ചടവ്, വർഷാവസാന ബാദ്ധ്യത എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ് നം, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018 /തസ്വഭവ, തിയതി 18.05.2018 | 2,52,72,446 | 2,04,17,656 തൻവർഷ വരവ് ₹31,93,025 ആകെ 2,36,10,681 | 22,68,902 | 0 | 2,13,41,779 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കള്ളാർ ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2.4 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി റിട്ടേൺ -അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| അവലോകന റിപ്പോർട്ട് | 3.4 | 2012-13 | 3.4.5.1,<br>3.4.5.2<br>3.4.5.3<br>3.4.5.4<br>3.4.5.5<br>3.4.5.8 | തൊഴിലുറപ്പ് പദ്ധതി | തുടരുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,44,94,941 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,77,29,904 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,317/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,81,327/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 16,797 | - | ജയരാജൻ.ബി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | 13,520/- | - | ഉമേഷ് കെ.വി , അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,60,000/- | ജോസഫ് എം ചാക്കോ സെക്രട്ടറി |
| 1-14 | 3,00,840/- | ജോസഫ് എം ചാക്കോ സെക്രട്ടറി |
| 1-15 | 18,876/- | ജോസഫ് എം ചാക്കോ സെക്രട്ടറി |
| 1-16 | 10,000/- | ജോസഫ് എം ചാക്കോ സെക്രട്ടറി |
| 1-17 | 24,625/- | ജോസഫ് എം ചാക്കോ സെക്രട്ടറി |
| 1-20 | 2,02,075/- | രവീന്ദ്രൻ.കെ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 3,75,000/- | രവീന്ദ്രൻ.കെ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 5,00,000/- | രവീന്ദ്രൻ.കെ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 4,40,000/- | സത്യൻ ജോസഫ്, ഹെഡ്മാസ്റ്റർ |
| 1-25 | 5,49,911/- | സത്യൻ ജോസഫ്, ഹെഡ്മാസ്റ്റർ |
| | 27,81,327/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയരാജൻ.ബി, അസിസ്റ്റന്റ് എഞ്ചിനിയർ | ഇ----- | ----- |
| ഉമേഷ് കെ.വി , അസിസ്റ്റന്റ് എഞ്ചിനിയർ | | |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(1)/2019 തിയതി. 03-08-2021 | 1 |
| 2003-2004 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(2)/2019 തിയതി. 03-08-2021 | 2 |
| 2004-2005 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(3)/2019 തിയതി. 03-08-2021 | 3 |
| 2005-2006 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(4)/2019 തിയതി. 03-08-2021 | 5 |
| 2006-2007 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(5)/2019 തിയതി. 03-08-2021 | 3 |
| 2007-2008 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(6)/2019 തിയതി. 03-08-2021 | 1 |

| | | |
|---|---|---|
| 2008-09 & 2009-10 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(7)/2019 തിയതി. 03-08-2021 | 9 |
| 2010-11 & 2011-12 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(8)/2019 തിയതി. 03-08-2021 | 1 |
| 2012-13 &2013-14 | നം.കെ.എസ്.എ.കെ.എസ്.ഡി.10/553/2018(2) തിയതി. 02-06-2018 | 3 |
| 2014-15 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(9)/2019 തിയതി. 03-08-2021 | 8 |
| 2015-16 | നം.കെ.എസ്.എ.കെ.എസ്.ഡി.10/553/2018(4) തിയതി. 03-08-2021 | 1 |
| 2016-17 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(10)/2019 തിയതി. 03-08-2021 | 14 |
| 2017-18 | നം.കെ.എസ്.എ.കെ.എസ്.ഡി-10/099/2019, തിയതി 31.01.2019 | 10 |
| 2018-19 | നം.കെ.എസ്.എ.കെ.എസ്.ഡി-10 /992/2019, തിയതി 06.11.2019 | 27 |
| 2019-20 | നം.കെ.എസ്.എ.കെ.എസ്.ഡി-11 /202/22, തിയതി 09.03.2022 | 21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kallar Grama Panchayat

Income & Expenditure Statement

For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 4,686,409.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 223,730.00 |
| 140000000 | Fees & User Charges | I-4 | 487,957.00 |
| 150000000 | Sales & Hire Charges | I-5 | 481,679.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 186,106,543.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 391,346.00 |
| 180000000 | Other Income | I-9 | 230.00 |
| A | Total - INCOME | | 192,377,894.00 |
| 210000000 | Establishment Expenses | I-10 | 9,651,891.00 |
| 220000000 | Administrative Expenses | I-11 | 1,501,612.00 |
| 230000000 | Operations & Maintenance | I-12 | 1,090,437.00 |
| 240000000 | Interest & Finance Charges | I-13 | 715.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 11,429,086.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 55,546,066.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 16,926,846.00 |

| | | | |
|---|---|---|---|
| | | | |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 45,780,273.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 51,807,420.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 76,556.00 |
| 190000000 | Prior Period Income | I-19 | 1,591.00 |
| B | B - Total : EXPENDITURE | | 193,810,902.00 |
| C = A-B | Gross Surplus / (deficit) of income over expenditure before<br>Prior Period Items. | | -1,433,008.00 |
| 190000000 | Prior period Income | I-19 | 1,591.00 |
| 290000000 | Prior period Expenses | I-18 | -445,932.00 |
| D | Net Difference | I-19 - I- 18 | 447,523.00 |
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | | -988,667.00 |
| 290000000 | Transfer to Reverse Funds | | |

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |
| Remarks: | | | |

അനുബന്ധം 4

റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Kallar Grama Panchayat

Receipt and Payment Report

| For the period from 01-04-2020 to 31-03-2021 | | | |
|---|---|---|---|
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 18,592,721.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,274,880.00 |
| 140000000 | Fees & User Charges | RP-4 | 350,607.00 |
| 150000000 | Sale & Hire Charges | RP-5 | 481,679.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 74,033,032.00 |
| 171000000 | Interest Earned | RP-9 | 391,346.00 |
| 190000000 | Prior Period Income | RP-11 | 350.00 |
| 210000000 | Establishment Expenses | RP-12 | 8,185.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 28,565,517.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3,548,390.00 |
| 460000000 | Loans, Advances and | RP-49 | 10,033.00 |

| | | | |
|---|---|---|---|
| | Deposits | | |
| Non-Operating | | | |
| 180000000 | Other Income | RP-10 | 230.00 |
| 330000000 | Secured Loans | RP-31 | 3,193,025.00 |
| 340000000 | Deposits Received | RP-33 | 190,144.00 |
| 350000000 | Other Liabilities | RP-35 | 2,447,523.00 |
| | Total : | | 133,087,662.00 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 1,790,539.00 |
| 220000000 | Administrative Expenses | RP-13 | 710,607.00 |
| 230000000 | Operations & Maintenance | RP-14 | 583,169.00 |
| 240000000 | Interest & Finance Charges | RP-15 | 24.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 12,693,056.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 35,824,859.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 15,717,040.00 |
| 254000000 | State Sponsored Schemes | RP-19 | 298,720.00 |
| 290000000 | Prior Period Item | RP-25 | -8,462.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1,035,880.00 |
| 412000000 | Capital Work In Progress | RP-39 | 6,691,498.00 |

| Code | Head Account | Schedule No. | Current Year Amount (Rs.) |
|---|---|---|---|

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 710,343.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 6,302,252.00 |
| 440000000 | Pre-paid Expenses | RP-47 | 1,705,000.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,622,187.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 98,200.00 |
| 350000000 | Other Liabilities | RP-35 | 31,954,992.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 15,357,758.00 |
| | Total : | | 133,087,662.00 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

Kallar Grama Panchayat

Balance Sheet

| Balance Sheet as on 31-03-2021 | | | |
|---|---|---|---|
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 310000000 | Panchayat (General) Fund | B-1 | -11,967,763.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 51,867,320.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 18,128,898.00 |
| 330000000 | Secured Loans | B-5 | 21,341,780.00 |
| 331000000 | Unsecured Loans | B-6 | 0.00 |

| | | | | |
|---|---|---|---|---|
| 340000000 | Deposits Received | B-7 | | 392,898.00 |
| 341000000 | Deposit works | B-8 | 0.00 | |
| 350000000 | Other Liabilities | B-9 | | 3,394,649.00 |
| 360000000 | Provisions | B-10 | 0.00 | |
| | Total : | | | 83,157,782.00 |
| 410000000 | Fixed Assets | B-11 | | 30,660.00 |
| 412000000 | Capital Work-in-Progress | B-11(b) | 0.00 | |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | | 2,263,247.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | | 8,854,632.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | | 71,989,562.00 |
| 416000000 | Accumulated Depreciation | B-11(a) | | -38,301,488.00 |
| 420000000 | Investment -General Fund | B-12 | 0.00 | |
| 421000000 | Sundry Debtors # | B-13 | 0.00 | |
| 430000000 | Stock in Hand (Inventories) | B-14 | 0.00 | |
| 431000000 | Sundry Debtors (Receivables) | B-15 | | 521,318.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 | |
| 440000000 | Pre-paid Expenses | B-16 | | 21,201,780.00 |
| 450000000 | Cash and Bank Balance | B-17 | | 15,357,758.00 |
| 460000000 | Loans, advances and deposits | B-18 | | 1,240,313.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 | |
| 470000000 | Other Assets | B-19 | 0.00 | |
| 480000000 | Miscellaneous Expenditure to be | B-20 | 0.00 | |

| | | | |
|---|---|---|---|
| | written off | | |
| | Total : | | 83,157,782.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.